## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **86** | **28.10.2019- ൽ** മറുപടിക്ക് |

## സംസ്ഥാന പുനർനിർമാണ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അൻവർ സാദത്ത്<br>,, വി.ഡി.സതീശൻ<br>,, വി.പി.സജീന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | 2018-ൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് ആവിഷ്കരിച്ച പദ്ധതികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ)&<br>(ബി) | പ്രളയാനന്തരം അടിയന്തര ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങളെത്തുടർന്ന് പുനർനിർമാണത്തിനായി ബഹുമുഖമായ പദ്ധതികൾ ആരംഭിച്ചു. കഴിഞ്ഞ സാമ്പത്തികവർഷത്തെ പദ്ധതി പുനക്രമീകരിച്ച് വിവിധ വകുപ്പുകൾ അടിയന്തര പുനർനിർമാണ പദ്ധതികൾ ഏറ്റെടുത്തു.<br>അതിജീവനക്ഷമതയുള്ള, പരിസ്ഥിതി സൗഹൃദമായതരത്തിൽ പുനർനിർമാണം നടത്തുന്നതിനുള്ള പദ്ധതികൾ സംസ്ഥാന തലത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ)ന് രൂപം നൽകി. ആർ.കെ.ഐയുടെ നേതൃത്വത്തിൽ തയാറാക്കിയ കേരള പുനർനിർമാണത്തിന്റെ അടിസ്ഥാന രേഖയായ കേരള പുനർനിർമാണ വികസനപരിപാടി (RKDP) സർക്കാർ അംഗീകരിച്ചു. ലോകബാങ്കിൽനിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 1750 കോടി രൂപ ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ കെ.എഫ്.ഡബ്ള്യുവിൽനിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>റീബിൽഡ് കേരള ഇനിഷ്യേറ്റീവ്- ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവ വിവിധ പദ്ധതികൾ പരിഗണിച്ചു വരുന്നു.<br>ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.<br>1.പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള |
| (ബി) | ഇതിനായി രൂപീകരിച്ച കേരള പുനർനിർമ്മാണ പദ്ധതിയിലൂടെ ഇതിനോടകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | റോഡുകളുടെ പുനർനിർമാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>2.തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ എട്ടു ജില്ലകളിലായി 603.74 കിലോമീറ്റർ റോഡുകളുടെ പുനർനിർമാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>3. ഗതാഗത വകുപ്പ് സമർപ്പിച്ച, ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>4.വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്നു പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.<br>5.മൽസ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>(3 മുതൽ 5 വരെ പദ്ധതികൾക്ക് ഭരണാനുമതി ഒരു മാസത്തിനുള്ളിൽ )<br>ജലവിഭവ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളുടെ പദ്ധതികൾ ഉന്നതാധികാരസമിതിയുടെ പരിഗണനയിലുണ്ട്. |
| (സി) | പദ്ധതി പ്രകാരം ഉരുൾപൊട്ടൽ മേഖലയിൽ നിന്നും ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (സി) | ഉരുൾപൊട്ടൽ മേഖലയിൽനിന്നും ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ കേരളപുനർനിർമാണ പദ്ധതിയുടെ കീഴിൽ വരുന്നില്ല. റവന്യൂ, ദുരന്തനിവാരണ വകുപ്പുകളാണ് പുനരധിവാസപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ) 2018 ൽ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. പഠനത്തിൽ ഇത്തരത്തിൽ മാറ്റണം എന്നു കണ്ടെത്തിയ വീടുകളുടെ ഉടമകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുവാൻ 10 ലക്ഷം രൂപ വീതം നൽകിവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | 2019- ലെ കനത്ത മഴയിൽ കവളപ്പാറയിലും പുത്തുമലയിലും ഉരുൾപൊട്ടിയ സ്ഥലത്ത് നിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; | (ഡി) | ദുരന്തസാധ്യതാ പ്രദേശത്തുനിന്ന് ഒഴിഞ്ഞുപോകണമെന്ന് പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിരുന്നു. |
| (ഇ) | പുനരധിവാസ പ്രവർത്തന ങ്ങൾക്ക് ക്രൗഡ് ഫണ്ടിംഗ് മുഖേന തുക സംഭരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദമാക്കാമോ? | (ഇ) | പുനരധിവാസ പ്രവർത്തനങ്ങൾക്ക് ക്രൗഡ് ഫണ്ടിംഗ് മുഖേന തുക സ്വരൂപിച്ചിട്ടില്ല. അതേസമയം പുനർനിർമാണ പ്രവർത്തന ങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ക്രൗഡ് ഫണ്ടിംഗ് മുഖേന 81,01,204 രൂപ ലഭ്യമായിട്ടുണ്ട്. സ്കൂൾ കെട്ടിടങ്ങളുടെ പുനർനിർമാണം, വീടുകളുടെ പുനർനിർമാണം, മൃഗസംരക്ഷണ മേഖലയുടെ പുനരുദ്ധാരണം, അംഗൻവാടികളുടെ പുനർനിർമാണം എന്നിവയുമായി ബന്ധപ്പെട്ട് സ്പോൺസർമാർ പ്രസ്തുത പോർട്ടലിൽ നിർദേശിച്ചിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്ന തിനായാണ് ഇത്തരത്തിൽ തുക ലഭിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**